പി.എസ്.സി. മുഖാന്തിരം നടന്ന നിയമനങ്ങൾ

20 [20] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ വകുപ്പുകളിൽ ഉണ്ടായ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2002 മേയ് മുതൽ 2004 ജനുവരി 15 വരെ വിവിധ സർക്കാർ വകുപ്പുകളിൽ എത്ര നിയമനം നടന്നിട്ടുണ്ട്;

(സി) അവയുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അപ്രകാരം കാലാവധി നീട്ടാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) കാലാവധി നീട്ടുമെന്ന സർക്കാർ പ്രഖ്യാപനത്തിനും ഉത്തരവിറങ്ങിയ തീയതിക്കുമിടയിൽ എത്ര റാങ്ക് ലിസ്റ്റുകൾ റദ്ദായിട്ടുണ്ട്; അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(ജി) പ്രസ്തുത സമയപരിധിക്കുള്ളിൽ റദ്ദായിട്ടുള്ള റാങ്ക് ലിസ്റ്റുകൾ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ജി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. പരീക്ഷകൾ ഉച്ചയ്ക്കുശേഷം നടത്തുന്നത് സംബന്ധിച്ച്

21 [21] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇനി മുതലുള്ള എല്ലാ പരീക്ഷകളും ഉച്ചയ്ക്കുശേഷം നടത്തുമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടിയിലൂടെ പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതാകുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly